**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4682** **19-07-2022 - ൽ മറുപടിയ്ക്ക്**

**കടലിലെ മത്സ്യ സമ്പത്ത് വര്‍ദ്ധിപ്പിക്കുവാന്‍ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. എം.കെ . മുനീര്‍ ,<br>ശ്രീ .പി. കെ. ബഷീര്‍ ,<br>ശ്രീ എന്‍ എ നെല്ലിക്കുന്ന് ,<br>ശ്രീ . മഞ്ഞളാംകുഴി അലി | | ശ്രീ. വി. അബ്ദുറഹിമാന്‍<br>(മത്സ്യബന്ധനം, കായികം, വഖഫ്, ഹജ്ജ് തീര്‍ത്ഥാടന വകുപ്പ് മന്ത്രി) | |
| (എ) | കേരള തീരത്ത് മത്സ്യലഭ്യത കുറഞ്ഞത് മത്സ്യബന്ധന മേഖലയെ ദോഷകരമായി ബാധിച്ചതായി കരുതുന്നുണ്ടോയെന്ന് അറിയിക്കാമോ; | (എ) | മുന്‍കാലങ്ങളെ അപേക്ഷിച്ച് കടല്‍ മത്സ്യത്തിന്റെ ലഭ്യത 2017-18 വരെ കുറഞ്ഞുവരുന്നതായി വിലയിരുത്തിയിട്ടുണ്ട്. എന്നാല്‍ കെ.എം.എഫ്.ആര്‍. നിയമം 2017-ല്‍ കാലോചിതമായി പരിഷ്കരിക്കുകയും 2018-ല്‍ പുതിയ കെ.എം.എഫ്.ആര്‍. റൂള്‍ നടപ്പാക്കുകയും ചെയ്യുക വഴി ശാസ്ത്രീയ മത്സ്യബന്ധനം ഉറപ്പാക്കുകയും കടല്‍ മത്സ്യസമ്പത്ത് 2018-19-ല്‍ 6.09 ലക്ഷം മെട്രിക് ടണ്ണായി വര്‍ദ്ധിക്കുകയും ചെയ്തിരുന്നു. എന്നാല്‍ തുടര്‍ന്നുള്ള രണ്ടു വര്‍ഷങ്ങളില്‍ കടല്‍ മത്സ്യ ലഭ്യത കുറയുന്നതായിട്ടാണ് കണ്ടത്. കഴിഞ്ഞ രണ്ടു വര്‍ഷങ്ങളില്‍ മത്സ്യലഭ്യത കുറയാനുള്ള പ്രധാന കാരണം കോവിഡ് പ്രതിസന്ധി, കാലാവസ്ഥ മുന്നറിയിപ്പ് എന്നിവ മൂലം മത്സ്യബന്ധന ദിവസങ്ങള്‍ കുറഞ്ഞതാണ്. വര്‍ദ്ധിച്ച മത്സ്യബന്ധന സമ്മര്‍ദ്ദം, ചെറുമത്സ്യങ്ങളെ പിടിക്കല്‍, അശാസ്ത്രീയ മത്സ്യബന്ധനം, ജലമലിനീകരണം, കണ്ടല്‍ക്കാടുകളുടെ തിരോധാനം, കാലാവസ്ഥാ വ്യതിയാനം, ആഗോളതാപനം തുടങ്ങിയ നിരവധി കാരണങ്ങളാല്‍ മത്സ്യസമ്പത്തിന് ശോഷണം സംഭവിക്കുന്നു എന്ന് കേന്ദ്രസര്‍ക്കാര്‍ സ്ഥാപനമായ സെന്‍ട്രല്‍ മറൈന്‍ ഫിഷറീസ് റിസര്‍ച്ച് ഇന്‍സ്റ്റിറ്റ്യൂട്ട് (CMFRI) യുടെ പഠനത്തില്‍ വ്യക്തമാക്കിയിട്ടുണ്ട്. 2021-22 വര്‍ഷത്തില്‍ മത്സ്യലഭ്യത 6.02 ലക്ഷം മെട്രിക് ടണ്ണായി വര്‍ദ്ധിച്ചിട്ടുണ്ട്. |
| (ബി) | യാതൊരു മാനദണ്ഡങ്ങളും പാലിക്കാതെ ചെറുമത്സ്യങ്ങളെ ഉള്‍പ്പെടെ പിടിക്കുന്നത് ആയതിന് കാരണമാകുന്നുണ്ടോ എന്ന് പരിശോധിച്ചിട്ടുണ്ടോ; | (ബി) | മുന്‍കാലങ്ങളെ അപേക്ഷിച്ച് കടല്‍ മത്സ്യത്തിന്റെ ലഭ്യത 2017-18 വരെ കുറഞ്ഞുവരുന്നതായി വിലയിരുത്തിയിട്ടുണ്ട്. എന്നാല്‍ കെ.എം.എഫ്.ആര്‍. നിയമം 2017-ല്‍ കാലോചിതമായി പരിഷ്കരിക്കുകയും 2018-ല്‍ പുതിയ കെ.എം.എഫ്.ആര്‍. റൂള്‍ നടപ്പാക്കുകയും ചെയ്യുക |

| | | | |
|---|---|---|---|
| | | | വഴി ശാസ്ത്രീയ മത്സ്യബന്ധനം ഉറപ്പാക്കുകയും കടൽ മത്സ്യസമ്പത്ത് 2018-19-ൽ 6.09 ലക്ഷം മെട്രിക് ടണ്ണായി വർദ്ധിക്കുകയും ചെയ്തിരുന്നു. എന്നാൽ തുടർന്നുള്ള രണ്ടു വർഷങ്ങളിൽ കടൽ മത്സ്യ ലഭ്യത കുറയുന്നതായിട്ടാണ് കണ്ടത്. കഴിഞ്ഞ രണ്ടു വർഷങ്ങളിൽ മത്സ്യലഭ്യത കുറയാനുള്ള പ്രധാന കാരണം കോവിഡ് പ്രതിസന്ധി, കാലാവസ്ഥ മുന്നറിയിപ്പ് എന്നിവ മൂലം മത്സ്യബന്ധന ദിവസങ്ങൾ കുറഞ്ഞതാണ്. വർദ്ധിച്ച മത്സ്യബന്ധന സമ്മർദ്ദം, ചെറുമത്സ്യങ്ങളെ പിടിക്കൽ, അശാസ്ത്രീയ മത്സ്യബന്ധനം, ജലമലിനീകരണം, കണ്ടൽക്കാടുകളുടെ തിരോധാനം, കാലാവസ്ഥാ വ്യതിയാനം, ആഗോളതാപനം തുടങ്ങിയ നിരവധി കാരണങ്ങളാൽ മത്സ്യസമ്പത്തിന് ശോഷണം സംഭവിക്കുന്നു എന്ന് കേന്ദ്രസർക്കാർ സ്ഥാപനമായ സെൻട്രൽ മറൈൻ ഫിഷറീസ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് (CMFRI) യുടെ പഠനത്തിൽ വ്യക്തമാക്കിയിട്ടുണ്ട്. 2021-22 വർഷത്തിൽ മത്സ്യലഭ്യത 6.02 ലക്ഷം മെട്രിക് ടണ്ണായി വർദ്ധിച്ചിട്ടുണ്ട്. |
| (സി) | കടലിലെ മത്സ്യ സമ്പത്ത് വർദ്ധിപ്പിക്കുവാൻ സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ വിശദമാക്കുമോ? | (സി) | കടൽ മത്സ്യസമ്പത്തിന്റെ സംരക്ഷണ ത്തിനും പരിപാലനത്തിനും ഉതകുന്ന തരത്തിൽ കെ.എം.എഫ്.ആർ ആക്റ്റും റൂളും കാലോചിതമായി പരിഷ്കരിയ്ക്കുകയും കാര്യക്ഷമമായി നടപ്പിലാക്കുകയും ചെയ്തു വരുന്നു. വിവിധ മത്സ്യ വർഗ്ഗങ്ങളുടെ സ്വാഭാവിക ആവാസ വ്യവസ്ഥകൾ സംരക്ഷിയ്ക്കുന്നതിനു നടപടികൾ സ്വീകരിച്ചു വരുന്നു. ശാസ്ത്രീയ മത്സ്യബന്ധനം ഉറപ്പാക്കുന്നതിനായി ട്രോൾ നെറ്റുകളുടെ കോഡ് എന്റിൽ സ്ക്വയർ മെഷ് നിർബ്ബന്ധമാക്കുകയും ആയത് നടപ്പിലാക്കിവരുകയും ചെയ്യുന്നു. പ്രധാനപ്പെട്ട എല്ലാ വലകളുടെയും ആകെ വലിപ്പം നിയന്ത്രിക്കുകയും കുറഞ്ഞ കണ്ണി വലിപ്പം നിശ്ചയിക്കുകയും ചെയ്തിട്ടുണ്ട്. തീരക്കടലിലെ മത്സ്യബന്ധന സമ്മർദ്ദം കുറയ്ക്കുന്നതിനായി 20 മീറ്ററിന് മുകളിൽ നീളവും 250 എച്ച്.പി.യ്ക്ക് മുകളിൽ ഇന്ധന ക്ഷമതയുള്ളതുമായ യാനങ്ങൾക്ക് തീരക്കടലിൽ (12 നോട്ടിക്കൽ മൈൽ വരെ) മത്സ്യബന്ധന ലൈസൻസ് നിരോധിച്ചിട്ടുണ്ട്. ചെറുമത്സ്യങ്ങളെ പിടിച്ച് വളം നിർമ്മാണത്തിനും മത്സ്യതീറ്റ നിർമ്മാണത്തിനും മറ്റും ഉപയോഗിക്കുന്നത് മത്സ്യസമ്പത്തിന്റെ ശോഷണത്തിന് കാരണമാകുന്നു എന്ന് മനസ്സിലാക്കി കേരളാ തീരത്ത് സുലഭമായ 58 ഇനം മത്സ്യങ്ങളുടെ പിടിച്ചെടുക്കാവുന്ന വലിപ്പം നിശ്ചയിച്ച് വിജ്ഞാപനം ഇറക്കുകയും ആയത് നടപ്പിലാക്കുകയും ചെയ്തുവരുന്നു. കൂടാതെ ട്രോൾബാൻ 47 ദിവസത്തിൽ നിന്നും 52 ദിവസമായി വർദ്ധിപ്പിയ്ക്കുകയും ആയതു |

| | | | |
|---|---|---|---|
| | | | നടപ്പിലാക്കുകയും ചെയ്യുന്നു. കടലിൽ കൃത്രിമ ആവാസ വ്യവസ്ഥയായ കൃത്രിമ പാര് നിക്ഷേപിക്കുന്ന പദ്ധതി പ്രാവർത്തികമാക്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ